Patron

Mar Sebastian Pozholiparamibil
Bishop of Hosur

December 2018

Chief Editor
Fr. Arun Chakkalackal
Mob. 9840386758

# Bulletin
# DIOCESE OF HOSUR

Bishop's Office
St. Thomas Pastoral Centre
#16, Ayanavaram Road, Ayanavaram
Chennai-600023
E-mail: hosurdiocese@gmail.com

## ഉള്ളടക്കം

ഇടയശബ്ദം....................................2

പ്രീ-കാന..........................................4

പാസ്റ്ററൽ കൗൺസിൽ...................4

സർക്കുലർ.......................................5

സർക്കുലർ.......................................9

പിതൃവേദി.....................................11

എന്റെ സ്വപ്നങ്ങൾ.......................12

കച്ചേരികാര്യങ്ങൾ.........................14

വിശ്വാസപരിശീലനവർഷം...............15

ഇടയന്റെ ഇന്നലകൾ.....................16

ഇടയന്റെ നാളകൾ........................16

## ഇടയശബ്ദം



**ഹൊസൂർ രൂപതയും ജപമാലയും**

മിശിഹായിൽ സ്നേഹമുള്ള ഹൊസൂർ രൂപതാ കുടുംബാംഗങ്ങളെ,

ഹൃദയത്തിൽ പുൽക്കൂട് കെട്ടിക്കൊണ്ട് ഉണ്ണിക്ക് പിറക്കുവാനുള്ള ഇടമൊരുക്കുന്ന കാലഘട്ടമാണല്ലോ ഡിസംബർ മാസം. എന്നാൽ ഇന്ന് ഉണ്ണീശോയ്ക്ക് കിടക്കുവാൻ നിർമ്മിതമായ സഭയാകുന്ന പുൽക്കൂട് അകത്ത് നിന്നും പുറത്തുനിന്നും തല്ലിതകർക്കുവാൻ ശ്രമിക്കുന്ന ഒരു കാലഘട്ടമായി മാറിയിരിക്കുകയാണ്.എന്താണ് ഈ പ്രശ്നത്തിനൊരു പരിഹാരം? ഏതൊരു പ്രശ്നത്തിന്റെയും പരിഹാരം പ്രാർത്ഥന മാത്രമാണ്. പ്രശ്നവും പരിഹാരവും തമ്മിലുള്ള ദൂരം കാൽമുട്ടും തറയും തമ്മിലുള്ള ദൂരമാണെന്നാണ് പറയുക. പ്രശ്നപരിഹാര ത്തിനായി നാം നടക്കുമ്പോഴൊക്കെ കാൽമുട്ടും തറയും തമ്മിലുള്ള ദൂരം അതേപടിയിരിക്കും; പ്രശ്നപരിഹാരത്തിനായി നാം എത്ര ഓടിയാലും കാൽമുട്ടും തറയും തമ്മിലുള്ള ദൂരം അതേപടി നിൽക്കും; അതുപോലെ പ്രശ്നവും പരിഹാരവും അകന്നിരിക്കും. ഒടുവിൽ ഗതിമുട്ടുമ്പോഴാണ് നാം ദൈവസന്നിധിയിൽ മുട്ടുകുത്തുക; അപ്പോൾ നമ്മുടെ കാൽമുട്ടും തറയും തമ്മിലുള്ള ദൂരം ഇല്ലാതാകുന്നു. അതുപോലെ പ്രശ്നങ്ങളും പരിഹാരങ്ങളും തമ്മിലുള്ള അകലവും ഇല്ലാതാകുന്നു. പ്രശ്നത്തിനു ഉടൻ പരിഹാരം ലഭിക്കുന്നു.അതുകൊണ്ട് ഇന്നത്തെ പ്രതിസന്ധികൾക്ക് പരിഹാരമായി ക്രിസ്തുമസ്സിനൊരുക്കമായുള്ള 25 നോമ്പിന്റെ ഈ കാലയളവിൽ ഒരു ലക്ഷം ജപമാല ചൊല്ലിക്കൊണ്ടും ഒരു ലക്ഷം നേരം ഉപവസിച്ചുകൊണ്ടും നമുക്ക് പരിശ്രമിക്കാം; യേശുവിന്റെ മൗതീക ശരീരമാകുന്ന സഭ ഇന്ന് നേരിട്ടുക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളെ നേരിടുവാൻ ഏവരും ഇപ്രകാരം മുന്നോട്ടുവരണമെന്ന് ഞാൻ ആഹ്വാനം ചെയ്യുകയാണ്.

ഇന്ന് മെത്രാന്മാരിലും വൈദികരിലും സിസ്റ്റേഴ്സിലും അല്മായരിലും അന്തഛിദ്രമുളവാക്കി യേശുവിന്റെ സഭയെ തകർക്കുവാൻ സാത്താൻ പല കുതന്ത്രങ്ങളും മെനഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ശക്തമായി പ്രതികരിക്കുവാൻ പ്രാർത്ഥനകൊണ്ടും ഉപവാസം

കൊണ്ടും മാത്രമെ നമുക്ക് സാധ്യമാകൂ. പിശാചിനെ പരാജയപ്പെടുത്തുവാൻ പ്രാർത്ഥന അനിവാര്യമാണെന്ന് തിരുവചനം വളരെ വ്യക്തമായി നമ്മെ പഠിപ്പിക്കുന്നുണ്ട്. മർക്കോസിന്റെ സുവിശേഷം 9 ാം അദ്ധ്യായം 29 ാം തിരുവചനം പറയുന്നു" പ്രാർത്ഥന കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തു പോകുകയില്ല" എന്ന്.

ഹൊസൂർ രൂപത ജപമാല പ്രാർത്ഥനയുടെ ശക്തിയാൽ രൂപം കൊണ്ട ഒരു രൂപതയാണ്. 34 വർഷമായി രൂപതയാകാതെ നീണ്ടിയിരുന്ന ചെന്നൈ സീറോ മലബാർ മിഷനിലെ മാതൃസംഘാംഗങ്ങൾ 2017 മെയ് മാസത്തിൽ തീരുമാനിക്കുകയായിരുന്നു: "തങ്ങൾ 2017 മെയ് മാസം മുതൽ ഒക്ടോബർ വരെയുള്ള കാലഘട്ടത്തിൽ ഒരു ലക്ഷം ജപമാലകൾ ചൊല്ലിത്തീർക്കുമെന്നും തങ്ങൾക്ക് പ്രതിഫലമായി മാതാവിന്റെ മാദ്ധ്യസ്ഥത്താൽ ചെന്നൈയിൽ സീറോ മലബാർ രൂപത അനുവദിച്ചുതരണമെന്നും."

ചെന്നൈയിലെ അമ്മമാരെല്ലാവരും ചേർന്ന് 2017 മെയ് മാസം മുതൽ ജപമാല ചൊല്ലാൻ ആരംഭിച്ചു. അമ്പതും നൂറും നൂറ്റിയമ്പതും ജപമാലകളായി വീതിച്ചു അവർ ജപമാലകൾ ചൊല്ലി. ഇതാ, അത്ഭുതമെന്നോണം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ 2017 ഒക്ടോബർ 9 ാം തിയ്യതി ചെന്നൈയിൽ ഹൊസൂർ രൂപത പ്രഖ്യാപിക്കുകയാണുണ്ടായത്. അങ്ങനെ 34 വർഷമായി സാധിക്കാത്ത ഒരു കാര്യം ജപമാല പ്രാർത്ഥനയുടെ ശക്തിയാൽ സാധിച്ചു.

ജപമാലയുടെ ശക്തി തിരിച്ചറിഞ്ഞ ഹൊസൂർ രൂപതാമക്കൾ ഇന്ന് സഭയെ തകർക്കുവാൻ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുന്ന സാത്താനെതിരെയും ഇതേ വജ്രായുധം തന്നെയാണ് ഉപയോഗിക്കുവാൻ തീരുമാനിച്ചുറപ്പിച്ചിരിക്കുന്നത്. സഭ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അന്തഛിദ്രങ്ങൾക്കെതിരെ 2018 ഡിസംബർ 1 മുതൽ 25 വരെയുള്ള കാലയളവിൽ 1 ലക്ഷം ജപമാല ചൊല്ലുവാനും 1 ലക്ഷം നേരം ഉപവസിക്കാനുമാണ് തീരുമാനം. അതിനാൽ ഈ പ്രത്യേക നിയോഗാർത്ഥം ഓരോ രൂപതാംഗവും പിറവിക്കൊരുക്കമായുള്ള ഇരുപത്തഞ്ചു നോമ്പിൽ 5 നേരം ഉപവസിക്കണമെന്നും ഞാൻ ആഹ്വാനം ചെയ്യുന്നു. അമ്മയോടൊപ്പം

പുൽതൊട്ടിയിൽ കിടക്കുന്ന ഉണ്ണിക്ക് ഈ വർഷം തിരുപ്പിറവിക്ക് നമുക്ക് നൽകുവാനുള്ള സമ്മാനം ഇതായിരിക്കട്ടെ. കുറച്ച് സമർപ്പിതരിലൂടെയും മാദ്ധ്യമങ്ങളിലൂടെയും സഭയെ തകർക്കുവാൻ ഇന്ന് സാത്താൻ നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ പരിശ്രമങ്ങളെയും സർപ്പത്തിന്റെ തല തകർത്ത അമ്മ തകർത്ത് തരിപ്പണമാക്കികൊള്ളും. പുൽക്കൂട്ടിലെ ഉണ്ണീശോ മൗന ഭാഷയിൽ നമ്മോടിന്നും എന്നും പറഞ്ഞുകൊണ്ടിരിക്കുന്ന തിരുവചനം നമുക്ക് മറക്കാതിരിക്കാം: ''പ്രാർത്ഥനകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല".

ഏവർക്കും ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ ആശംസിച്ചുകൊണ്ട്

നിങ്ങളുടെ സ്നേഹപിതാവ്

മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

## പാസ്റ്ററൽ കൗൺസിൽ

ഹൊസൂർ രൂപത പാസ്റ്ററൽ കൗൺസിലിന്റെ 4-ാം സമ്മേളനം ഉച്ചകഴിഞ്ഞ് 2. 30 മുതൽ വൈകിട്ട് 5 മണിവരെ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെല്ലാവരുടെ.യും വിലയേറിയ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

| | |
|---|---|
| ശ്രീ. ജേക്കബ് ചക്കാത്തറ | റവ. ഡോ. ആന്റോ കരിപ്പായി |
| സെക്രട്ടറി | ജനറൽ സെക്രട്ടറി |

## പ്രീകാന കോഴ്സ്

വിവാഹത്തിനൊരുക്കമായിട്ടുള്ള പ്രീകാന കോഴ്സ് ഡിസംബർ 7,8,9 ദിവസങ്ങളിൽ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്റർ വച്ച് നടത്തപ്പെടുന്നു. പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവുമായി വരേണ്ടതാണ്.

റവ. ഫാ. സുബീഷ് വട്ടപ്പറമ്പിൽ

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

Prot. No. 1911/2018

# സീറോ മലബാർ മിഷൻ വാരാചരണം

**(2019 ജനുവരി 6 – 12)**

## സർക്കുലർ

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നഎല്ലാ ദൈവജനത്തിനും എഴുതുന്നത്.**

ഈശോയുടെ ദനഹാതിരുന്നാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ. ഈയവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാതിരുനാളിന്റെ വേളയിൽ സ്വയം വെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കം കുറിക്കുകയാണല്ലോ ചെയ്തത്. പഥിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവിശേഷമായ സ്നേഹവും കാരുണ്യവും പുലർത്തി യിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതികശരീരമായ തിരുസഭയും ഈ പ്രേഷിതദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊണ്ടാണ് സഭ സ്വഭാവത്താലെ പ്രേഷിതയാണ് ( AG:2) എന്ന് വത്തിക്കാൻ കൗൺസിലിന്റെ ജനതകളിലേക്ക് എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിത അവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷപ്രഘോഷണത്തിനും പ്രേഷിതപ്രവർത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുന്നത്

നമ്മിൽഓരോരുത്തരിലൂടെയുമാണ്. ' 'നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ്:16/15) എന്നുള്ള തമ്പുരാന്റെ ആഹ്വാനം പൂർത്തീകരിക്കപ്പെടേണ്ടിയിരിക്കുന്നു. തിന്മയുടെശക്തി പതിയിരുന്ന് സഭയെ ആക്രമിക്കാൻ പരിശ്രമിക്കുമ്പോൾ, ആത്മീയതയിൽ നമ്മൾ കൂടുതൽ ശക്തരാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കുടുംബങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള മാതാപിതാക്കളുടെ കടമകൾ ഒരിക്കലും മറന്നുകൂടാ. നമ്മുടെ മുൻതലമുറക്കാർ കൈമാറി തന്ന വിശ്വാസവെളിച്ചത്തെ അണയാതെ കാക്കുവാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും ധീരതയും ഏതുപ്രതിസന്ധികളെയും മറികടക്കുവാൻ ശക്തിപകരുന്നുണ്ട്. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി അനുഭവിച്ചറിഞ്ഞ് ഈശോയുടെ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷവുമായി കടന്നുചെല്ലുവാനുള്ള തീക്ഷ്ണത ഈ മിഷൻവാരാചരണത്തിലൂടെ നമ്മിൽ ഉജ്ജ്വലിപ്പിക്കാം. ആദിമക്രൈസ്തവരുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് എല്ലായിടത്തും എല്ലാവരുടെ ഇടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും സാധ്യമാക്കുവാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാതിരിക്കാം. പ്രേഷിതപ്രവർത്തനം പലവിധത്തിലും നമുക്ക് നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുവാനുള്ള കാര്യപരിപാടികൾ രൂപതാതലത്തിലും ഇടവകതലത്തിലും എല്ലാ ഭക്തസംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് പ്രേഷിതവാരാചരണത്തെ കൂടുതൽ അർത്ഥമുള്ളതാക്കി തീർക്കുവാൻ സഹായിക്കും. നമ്മുടെ വിശ്വാസം ഫലംചൂടുന്നത് നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്.

നമ്മുടെ സഭ ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നൽകികൊണ്ട് പ്രവർത്തിക്കുന്നു. നമ്മുടെ സഭയ്ക്ക് ഇന്ത്യമുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അനുവാദം പരിശുദ്ധപിതാവ് നൽകിയിരി

ക്കുന്നതിന്റെ ഫലമായി രൂപംകൊണ്ട ഷംഷാബാദ്, ഹൊസൂർ രൂപതകൾ അജപാലന-സുവിശേഷപ്രഘോഷണാവകാശം മറ്റ് രൂപതകളോട് ചേർന്ന് പ്രായോഗികമാക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രേഷിതവാരാചരണ ദിവസങ്ങളിൽ പ്രത്യേകമായി നമുക്ക് അവരെ അനുസ്മരിക്കാം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും ഭംഗിയായി മുന്നോട്ടുപോകുവാൻ കാരണം നമ്മുടെ സഭയിലെ മിഷൻ തീക്ഷ്ണതയാണ്. എല്ലാമിഷനറിമാരെയും ഓർക്കേണ്ടതും അതോടൊപ്പം വിശ്വാസതീക്ഷ്ണതയും ധൈര്യവുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനെ സഹായിക്കാനുമായി സീറോ മലബാർ മിഷൻ എന്ന പേരിൽ ഒരു ഓഫീസ് കാക്കനാട് മൗണ്ട് സെൻറ് തോമസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അമ്പത്തിയൊന്ന്ലക്ഷത്തോളം വിശ്വാസികളുള്ള നമ്മുടെ സഭയുടെ 18 മിഷൻരൂപതകളിലും മറ്റ് പ്രദേശങ്ങളിലും സേവനംചെയ്യുവാൻവേണ്ട വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 230 വൈദികവിദ്യാർത്ഥികളെയും 34 സന്യാസാർത്ഥിനികളെയും ഈ ഓഫീസ്വഴി സഹായിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണവും അതിനോട് ബന്ധപ്പെട്ടിട്ടുള്ള മറ്റ് ആവശ്യങ്ങളും സാധ്യമാക്കുന്നതിനായി മിഷൻ പ്രോജെക്ടുകളും നൽകുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും ഉദാരതയുമാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ നയിക്കുകയും ക്രിയാത്മകമായ സമീപനങ്ങൾ കാഴ്ചവയ്ക്കാൻ സഹായിക്കുകയും ചെയ്യുന്നത്. സഭയുടെ വളർച്ചയിലും മിഷൻപ്രവർത്തനത്തിലും വളരെ ശ്ലാഘനീയമായ കാര്യങ്ങൾ ഈ ഓഫീസുവഴി നിർവഹിക്കപ്പെടുന്നത് അഭിനന്ദനാർഹമാണ്. മിഷൻവാരാചരണത്തിലൂടെ സമാഹരിക്കുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ "നമുക്ക് അവനോടുകൂടെ പോയി മരിക്കാം" (യോഹ 11:16) എന്ന വാക്കുകൾ

ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആ വിശ്വാസവെളിച്ചത്തിൽ മിഷനെ അറിഞ്ഞും സ്നേഹിച്ചും മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ചും മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചും കൂടാതെ സാമ്പത്തികമായി സഹായിച്ചും നമ്മൾ ശക്തരായിതീരട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+കർദിനാൾ ജോർജ് ആലഞ്ചേരി

സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം മാണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.

NB: 1. 2018 ഡിസംബർ 30-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും, സ്ഥാപനത്തിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2019 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

## സ്വാഗതം

ഹൊസൂർ രൂപതയിൽ അംഗത്വം സ്വീകരിച്ച **മോൺ. വർഗീസ് പെരേപ്പാടനച്ചന്** സ്വാഗതാംശംസകൾ.



Ref. 189/18 25-11-2018

# സർക്കുലർ

ഈശോയിൽ പ്രിയ വൈദികരെ, സന്യാസിനീ സന്യാസികളെ, പ്രിയ മക്കളെ,

നവംബർ 21, 22, 25 തിയ്യതികളിൽ നടന്ന രൂപതയുടെ പ്രഥമ വാർഷികാഘോഷങ്ങൾ ഏറ്റവും ഭക്തിനിർഭരവും മനോഹരവുമാക്കാൻ വൈദികകൂട്ടായ്മയും സന്യസ്തരും അല്മായ നേതൃത്വവും വളരെ ആത്മാർത്ഥമായി അദ്ധ്വാനിച്ചു. ദൈവകൃപയാൽ എല്ലാം തന്നെ നന്നായി ഫലമണിഞ്ഞു എന്നതിൽ എല്ലാവരോടും ചേർന്ന് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. പരസ്പരം കൈകോർത്തുപിടിച്ചുകൊണ്ടുള്ള കൂട്ടായ്മയുടെ ഈ പ്രവർത്തനശൈലിയാണ് ഹൊസൂർ രൂപതയെ ഒരു മാതൃകാരൂപതയായി കാണുവാൻ ഈ പ്രഥമവർഷത്തിൽ തന്നെ ഇടയായത്. ഇതിന് കാരണക്കാരായ നിങ്ങളേവരെയും പ്രത്യേകം അഭിനന്ദിക്കുകയും നിങ്ങളോട് നന്ദി പറയുകയും ചെയ്യുന്നു.

നമ്മുടെ രൂപതയിൽ 2018 – 2019 വർഷം വിശ്വാസപരിശീലനവർഷമായിട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. 'Faith to live and to hand over' 'വിശ്വാസം ജീവിക്കാനും കൈമാറാനും' എന്ന ആപ്തവാക്യം സ്വന്തമാക്കി നാം മുന്നേറുക. 130 രാജ്യങ്ങളിൽ നിന്നും 350 പ്രതിനിധികൾ പങ്കെടുത്ത റോമിലെ സിനഡിൽ ഫ്രാൻസിസ് മാർപ്പാപ്പ 3 കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കണമെന്ന് പറഞ്ഞു: വിശ്വാസ തീർത്ഥയാത്രയിൽ മറ്റുള്ളവരെ ശ്രവിക്കണമെന്നും സഹായിക്കണമെന്നും ക്രിസ്തുവിനു സാക്ഷ്യം വഹിക്കണമെന്നും.

ഹൊസൂർ രൂപതാതിർത്തിയിലെ ഭവനങ്ങളിൽ ചെന്ന് ആളുകളെ ശ്രവിക്കാനും സഹായിക്കാനും അങ്ങിനെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കാനും 2018–19 വർഷത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ രൂപതയുടെ പ്രഥമവാർഷിക വേളയിൽ പുറത്തിറക്കിയ എന്റെ ഇരുപതു സ്വപ്നങ്ങൾ നിങ്ങൾ ഇതിനകം കണ്ടുകാണുമല്ലോ. അല്പം ത്യാഗം സഹിച്ച് കുടുംബങ്ങൾ കേന്ദ്രീരിച്ച് നമ്മുടെ രൂപതാപ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ വൈദികരും സിസ്റ്റേഴ്സും അല്മായരും മുന്നിട്ടിറങ്ങുമെന്ന് എനിക്കുറപ്പുണ്ട്.നിങ്ങളുടെ പരിശ്രമങ്ങൾക്ക് ഞാൻ മുൻകൂട്ടി നന്ദി പറയുന്നു.

നമ്മുടെ രൂപതയിൽ പ്രഥമവർഷം തന്നെ മൈനർ സെമിനാരി ഉദ്ഘാടനം ചെയ്യപ്പെട്ടു. മേജർ സെമിനാരിയിലും മൈനർ സെമിനാരിയിലുമായി ഇന്ന് 15 വൈദികവിദ്യാർത്ഥികൾ പരിശീലനം നേടിക്കൊണ്ടിരിക്കു കയാണ്. സെമിനാരിക്കാരുടെ പരിശീലനത്തിനായി പ്രതിവർഷം ചെലവ് വരുന്ന 15 ലക്ഷത്തോളം രൂപ കണ്ടെത്താൻ നിങ്ങൾ കാഴ്ചവെയ്ക്കുന്ന സഹകരണങ്ങൾക്കും നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയ്ക്കും ഞാൻ നന്ദി പറയുന്നു. എല്ലാ വർഷവും ഡിസംബർ മാസം രണ്ടാം ഞായറാഴ്ച ഇടവകകളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായിരിക്കുമെന്ന കാര്യവും അറിയിക്കുന്നു.

കൂടാതെ രൂപതയുടെ നടത്തിപ്പിനും മറ്റു ചെലവുകൾക്കും പുതിയതായി രൂപീകൃതമായിക്കൊണ്ടിരിക്കുന്ന സെന്ററുകൾക്ക് നൽകുന്ന സഹായങ്ങളുൾപ്പെടെ വർഷം തോറും ഇരുപത്തിയഞ്ചു ലക്ഷത്തോളം രൂപ ചെലവ് വരുന്നുണ്ട്. ഈയിനത്തിൽ പ്രതിവർഷം ഇടവകകളിൽ നിന്നുള്ള തെരട്ട് വരവ് ഏകദേശം ഒൻപത് ലക്ഷം രൂപ കഴിച്ച് ബാക്കി 16 ലക്ഷം രൂപ കണ്ടെത്തുവാൻ നല്ല മനസ്സുള്ള പലരും മുന്നോട്ട് വരുന്നുണ്ട്. ദശാംശസംഖ്യയായി 1000 രൂപ വീതം പ്രതിമാസം നൽകി സഹായിക്കുവാൻ ഇതിനകം 20 ഓളം പേർ മുന്നോട്ട് വന്നിട്ടുണ്ട്. നിങ്ങളുടെ നല്ല മനസ്സിന് പ്രത്യേകമായി ഞാൻ നന്ദി പറയുന്നു. ഇടവക തലത്തിലും കാര്യങ്ങൾ നടത്തിക്കൊണ്ടു പോകാൻ നിങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുണ്ടെന്ന് എനിക്കറിയാം. കുടുംബങ്ങളിലെ സാമ്പത്തികപ്രതിസന്ധികളും ഞാൻ മനസ്സിലാക്കുന്നു. എല്ലാം ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് സാധിക്കുന്ന രീതിയിലെല്ലാം നമുക്ക് സഹകരിക്കാം. ദൈവം നമ്മെ കൈവിടില്ല.

വിശ്വാസപരിശീലന വർഷത്തിൽ നമ്മുടെ പ്രവർത്തനങ്ങളെല്ലാം തന്നെ പ്രാർത്ഥനയിൽ പൊതിഞ്ഞതായിരിക്കണമെന്ന കാര്യം ഞാൻ അടിവരയിട്ട് ഓർമ്മിപ്പിക്കുകയാണ്. എങ്കിലേ അത് ഫലമണിയുകയുള്ളൂ. വിശ്വാസ വിരുദ്ധ സ്വാധീനവലയത്തിൽ കഴിയുന്ന നമ്മളെ വിശ്വാസത്തിൽ ഉറപ്പിക്കുവാൻ തോമാശ്ലീഹാ നമുക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കും. നമ്മുടെ രൂപതയ്ക്ക് രൂപം കൊടുക്കുവാൻ മാദ്ധ്യസ്ഥം വഹിച്ച പരിശുദ്ധ അമ്മയും നമ്മുടെ കത്തീഡ്രൽ ദേവാലയത്തിന്റെ മദ്ധ്യസ്ഥനായ വി. അന്തോണീസ് നമുക്കെന്നും തുണയായിരിക്കും.

ക്രിസ്തുമസ്സ് ആഗതമാവുകയാണല്ലോ. പുൽക്കൂടുകളിൽ തൂക്കിയിടുന്ന നക്ഷത്രങ്ങൾ സൂചിപ്പിക്കുന്നതുപോലെ ഈ ഹൊസൂർ രൂപതയിൽ മറ്റുള്ളവരെ യേശുവിലേക്ക് നയിക്കുന്ന മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളാകാം നമുക്കോരോരുത്തർക്കും. അപ്പോൾ പിറവിത്തിരുന്നാൾ നമ്മെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താകും. നക്ഷത്രത്തെപ്പോലെ, സൽകൃത്യങ്ങളാൽ മിന്നിത്തിളങ്ങി യേശുവിലേക്ക് മറ്റുള്ളവരെ നമുക്ക് നയിക്കാം. ഏവർക്കും ക്രിസ്തുമസ്സിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

നിങ്ങളുടെ പിതാവ്

മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

ഹൊസൂർ രൂപതാമെത്രാൻ

NB: സർക്കുലർ 2018 ഡിസംബർ 2 ഞായറാഴ്ച വിശുദ്ധബലി മദ്ധ്യേ വായിക്കേണ്ടതാണ്

## പിതൃവേദി

**'നസ്രത്ത് കപ്പിൾസ് മീറ്റ്-2018'**

ഹൊസൂർ രൂപത പിതൃവേദിയുടെ നേതൃത്വത്തിൽ അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് **2018 ഡിസംബർ 16** നു 'നസ്രത്ത്' ദമ്പതീസംഗമം **രാവിലെ 10 മണി** മുതൽ **വൈകിട്ട് 4. 30** വരെ നടത്തുന്നു. **റവ. ഫാ. ഡേവിസ് ചിറമേൽ** ക്ലാസിനു നേതൃത്വം വഹിക്കുന്നു. സാധിക്കുന്ന എല്ലാവരും വരണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

**ശ്രീ ജോസഫ് കെ. ജെ**
പ്രസിഡന്റ്, പിതൃവേദി

റവ. ഡോ. ആന്റോ കരിപ്പായി
ഡയറക്ടർ, പിതൃവേദി

## ജന്മദിനങ്ങൾ

**ഡിസംബർ 18 :** റവ. ഫാ. റിന്റോ തെക്കിനേത്ത്

**ജന്മദിനാശംസകൾ**

## ഹൊസൂർ രൂപതയുടെ പ്രഥമവാർഷികം
## എന്റെ സ്വപ്നങ്ങൾ

1) രൂപതാദ്ധ്യക്ഷൻ വർഷത്തിലൊരിക്കലെങ്കിലും രൂപതയിലെ എല്ലാ സ്ഥാപനങ്ങളും സന്ദർശിക്കണമെന്ന് ആഗ്രഹിക്കുന്നു.
2) രൂപതാദ്ധ്യക്ഷൻ 2 വർഷത്തിലൊരിക്കലെങ്കിലും രൂപതയിലെ എല്ലാ ഇടവകകളിലും ഇടയ സന്ദർശനം നടത്തണമെന്ന് ആഗ്രഹിക്കുന്നു.
3) രൂപതാദ്ധ്യക്ഷൻ 3 വർഷത്തിലൊരിക്കലെങ്കിലും രൂപതയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കണമെന്ന് ആഗ്രഹിക്കുന്നു.
4) ഇടവകകളുടെ ഉത്തരവാദിത്വമുള്ള വികാരി ജനറാൾ വർഷത്തിലൊരിക്കലെങ്കിലും രൂപതയിലെ എല്ലാ ഇടവകകളിലും അജപാലന സന്ദർശനം നടത്തണമെന്ന് ആഗ്രഹിക്കുന്നു.
5) സന്യസ്തരുടെ ഉത്തരവാദിത്വമുള്ള വികാരി ജനറാൾ 6 മാസത്തിലൊരിക്കലെങ്കിലും രൂപതയിലെ എല്ലാ സന്യാസഭവനങ്ങളിലും സന്ദർശനം നടത്തണമെന്ന് ആഗ്രഹിക്കുന്നു.
6) മൈനർ സെമിനാരി റെക്ടർ വർഷത്തിലൊരിക്കലെങ്കിലും രൂപതയിലെ എല്ലാ ഇടവകകളും സന്ദർശിച്ച് ദൈവവിളി പ്രോത്സാഹിപ്പിക്കുകയും മതബോധന വിദ്യാർത്ഥികളെ പ്രത്യേകം കാണുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നു.
7) 100- ൽ താഴെ കുടുംബങ്ങളുള്ള ഇടവകവികാരിമാർ 3 മാസത്തിലൊരിക്കലെങ്കിലും ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കണമെന്ന് ആഗ്രഹിക്കുന്നു.
8) 100- ൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകവികാരിമാർ 6 മാസത്തിലൊരിക്കലെങ്കിലും ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കണമെന്ന് ആഗ്രഹിക്കുന്നു.
9) വർഷത്തിലൊരിക്കലെങ്കിലും വികാരിമാർ ഇടവകകളിലെ വീടുകൾ വെഞ്ചിരിക്കണമെന്ന് ആഗ്രഹിക്കുന്നു.
10) 100- ൽ താഴെ കുടുംബങ്ങളുള്ള ഇടവകാതിർത്തിയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. സിസ്റ്റേഴ്സ് 6 മാസത്തിലൊരിക്കലെങ്കിലും ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കണമെന്ന് ആഗ്രഹിക്കുന്നു.
11) 100- ൽ കൂടുതൽ കുടുംബങ്ങളുള്ള ഇടവകാതിർത്തിയിൽ ശുശ്രൂഷചെയ്യുന്ന ബഹു. സിസ്റ്റേഴ്സ് വർഷത്തിലൊരിക്ക ലെങ്കിലും ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കണമെന്ന് ആഗ്രഹിക്കുന്നു.

12) കുടുംബസമ്മേളനങ്ങൾക്ക് പുറമെ, കുടുംബസമ്മേളനങ്ങളിലെ വീടുകൾ ഏകദേശം 12 കുടുംബങ്ങളുള്ള വാർഡുകളാക്കി തിരിച്ച് അവയ്ക്ക് ഒരു ആനിമേറ്ററെ നിശ്ചയിച്ചു കാണുവാൻ ആഗ്രഹിക്കുന്നു.

13) പ്രതിമാസ കുടുംബസമ്മേളനങ്ങൾക്കു പുറമെ ആനിമേറ്ററുടെ നേതൃത്വത്തിൽ ഈ വാർഡുകളിൽ പ്രതിമാസ വാർഡ് ജപമാലയും പ്രാർത്ഥനായോഗങ്ങളും കൂടി സംഘടിപ്പിച്ച് കാണുവാൻ ആഗ്രഹിക്കുന്നു.

14) കുടുംബയൂണിറ്റു പ്രസിഡന്റുമാർ യൂണിറ്റലെ കുടുംബങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും സന്ദർശനം നടത്തണമെന്ന് ആഗ്രഹിക്കുന്നു,

15) കുടുംബയൂണിറ്റ് വാർഡുകളിലെ ആനിമേറ്റർമാർ വാർഡുകളിലെ കുടുംബങ്ങളിൽ രണ്ടാഴ്ചയിലൊരിക്കലെങ്കിലും സന്ദർശനം നടത്തണമെന്ന് ആഗ്രഹിക്കുന്നു.

16) ഇടവകയിലും കുടുംബയോഗങ്ങളിലും സഭയെക്കുറിച്ചും കൂദാശകളെക്കുറിച്ചും ചർച്ചാക്ലാസുകൾ സംഘടിപ്പിക്കണമെന്ന് ആഗ്രഹിക്കുന്നു.

17) രൂപതാ-ഇടവക പ്രവർത്തനങ്ങളിൽ യുവജനങ്ങൾക്കും യുവദമ്പതികൾക്കും കൂടുതൽ പങ്കാളിത്തം നല്കണമെന്ന് ആഗ്രഹിക്കുന്നു,

18) പട്ടിണി കിടക്കുന്ന ആളുകൾക്കായി ഇടവകകൾ തോറും അന്നദാനം സംഘടിപ്പിച്ച് കാണുവാൻ ആഗ്രഹിക്കുന്നു.

19) രോഗികൾക്ക് ചികിത്സാസഹായം ലഭിക്കുവാൻ ഇടവകകൾതോറും പദ്ധതികൾ ആവിഷ്കരിച്ച് കാണുവാൻ ആഗ്രഹിക്കുന്നു.

20) ഇടവകാതിർത്തിയിൽ ഇടവക ചേരാതെ വിട്ടുനിൽക്കുന്ന കുടുംബങ്ങളുണ്ടെങ്കിൽ അവയെ കണ്ടെത്തി നിരന്തര സന്ദർശനവും സ്നേഹസ്വാധീനവും ബോധവത്കരണവും വഴി അവരെ ഇടവക ചേർക്കുക എന്നത് ഇടവക പ്രവർത്തനത്തിന്റെ പ്രധാന ലക്ഷ്യമായി ഇടവക വികാരിയും ബഹു. സിസ്റ്റേഴ്സും അല്മായ നേതൃത്വവും കരുതണമെന്ന് ആഗ്രഹിക്കുന്നു.

**22-11-2018** **മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ**

## കച്ചേരികാര്യങ്ങൾ

### I. ഓർമിക്കേണ്ട ദിവസങ്ങൾ

ഡിസംബർ

2 : മംഗളവാർത്ത ഒന്നാം ഞായർ
3 : വി. ഫ്രാൻസിസ് സേവ്യർ
8 : അമലോത്ഭവമാതാവ്
9 : മംഗളവാർത്ത രണ്ടാം ഞായർ
16 : മംഗളവാർത്ത മൂന്നാം ഞായർ
18 : മൈലാപ്പൂരിലെ അത്ഭുതകുരിശ്
23 : മംഗളവാർത്ത നാലാം ഞായർ
25 : ക്രിസ്തുമസ്സ്
26 ; വി. എസ്തപ്പാനോസ്
27 : വി. യോഹന്നാൻ ശ്ലീഹ
28 : കുഞ്ഞിപ്പൈതങ്ങൾ
30 : പിറവിക്കാലം ഒന്നാം ഞായർ
: തിരുക്കുടുബം
31 : വർഷാവസാനം

### II **മാസധ്യാനം**

ഡിസംബർ മാസത്തെ വൈദികരുടെ മാസധ്യാനം അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് 3 ാം തിയ്യതി വൈകുന്നേരം 6. 30 നു ആരംഭിക്കുന്നു. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

### III. **സ്വാഗതം**

ഇരിങ്ങാലക്കുട രൂപതാ വൈദികനായിരുന്ന **മോൺ. വർഗീസ് പെരേപ്പാടൻ** കാനോനിക അനുവാദ ങ്ങളോടുകൂടെ ഹൊസൂർ രൂപതയിലെ അംഗത്വം സ്വീകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മോൺ. വർഗീസ് പെരേപ്പാടനച്ചന് ഹൃദയം നിറഞ്ഞ സ്വാഗതവും എല്ലാവിധ ആശംസകളും നേരുന്നു.

### III. ഫിയാത്ത് 2019

ഹൊസൂർ രൂപത ബൈബിൾ കൺവെൻഷൻ 2019 ഫെബ്രുവരി 8,9,10 തിയ്യതികളിൽ മുഗപ്പേർ മാർ ഗ്രിഗോറിയോസ് കോളേജ് ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെടുന്നു. കൺവെൻഷന്റെ വിജയത്തിനായുള്ള പ്രാർത്ഥന ഡിസംബർ 1 ാം തിയ്യതി മുതൽ എല്ലാ ദൈവാലായ

ങ്ങളിലും ഭവനങ്ങളിലും ചൊല്ലണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**IV. മിഷൻ ഞായർ**

മിഷൻ ഞായർ കളക്ഷൻ ഡിസംബർ 15 നു മുമ്പായി രൂപതാകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**V. നന്ദി**

ഹൊസൂർ രൂപതയുടെ പ്രഥമ വാർഷികവും അഭിവന്ദ്യ പിതാവിന്റെ മെത്രാഭിഷകവാർഷികത്തോടും അനുബന്ധിച്ചു നവംബർ 21 ാം തിയ്യതി നടന്ന ഉപകാരിദിനത്തിലും 22 ാം തിയ്യതി നടന്ന സമർപ്പിതസംഗമത്തിലും രൂപതാദിനാഘോഷത്തിലും 25 ാം തിയ്യതി നൂത്തഞ്ചേരി കത്തീഡ്രൽ പള്ളിയിൽ വെച്ചുനടന്ന കൃതഞ്ജതാ ബലിയിലും പങ്കെടുത്ത് രൂപതയുടെ പ്രവർത്തനങ്ങളോട് സഹകരിക്കുകയും അഭിവന്ദ്യ പിതാവിന് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

**VII. രൂപതാ വെബ്സൈറ്റ്**

രൂപതയുടെ ഔദ്യോഗിക വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. www.hosurdiocese.in എന്നതാണ് അഡ്രസ്സ്. മീഡിയ ഡയറക്ടർ റവ. ഫാ. ജോബി മേനോത്താണ് വെബ് സൈറ്റ് ഇൻ ചാർജ്ജ്.

മോൺ. ജോസ് മാളിയേക്കൽ
പ്രോട്ടോസിഞ്ചെല്ലൂസ്

## വിശ്വാസപരിശീലന വർഷം

"**വിശ്വാസം ജീവിക്കുക; കൈമാറുക**" എന്ന ആപ്തവാക്യത്തോടെ 2018 നവംബർ 23 മുതൽ 2019 നവംബർ 22 വരെ ഹൊസൂർ രൂപതയിൽ വിശ്വാസപരിശീലന വർഷം ആചരിക്കുന്നു. മതബോധന വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും മുതിർന്നവരുടെയും വിശ്വാസപരിശീലനത്തിനു കൂടുതൽ ശ്രദ്ധ ചെലുത്താനാണ് ഈ വിശ്വാസപരിശീലന വർഷം ലക്ഷ്യമിടുക.

**റവ. ഫാ. ജിയോ കൈതാരത്ത്**
ജനറൽ കൺവീനർ

## ഇടയന്റെ ഇന്നലകൾ

നവംബർ 1 : പെരമ്പൂർ ഫൊറോന തല മീറ്റിംങിനു അദ്ധ്യക്ഷം വഹിച്ചു.

നവംബർ 3 : പെരമ്പൂർ സെന്റ് ജോസഫ് ചർച്ചിലെ ശ്രാദ്ധ പരിപാടികളിൽ പങ്കെടുത്തു.

നവംബർ 7-14: കോടമ്പാക്കം സെന്റ് അൽഫോൻസ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ചു.

നവംബർ10,11 : നീലാങ്കരെ സെന്റ് കമില്ലസ്സ് ഇടവകയിലെ ഭവനങ്ങൾ സന്ദർശിക്കുകയും പാസ്റ്ററൽ വിസിറ്റ് നടത്തുകയും ചെയ്തു.

നവംബർ 5-16 : വത്സരവാക്കം ലിറ്റിൽ ഫ്ളവർ ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ചു.

നവംബർ 17 : പൂനമല്ലിയിൽ ബഹുമാനപ്പെട്ട ഫാ. ജോൺസൻ പനച്ചിക്കൽ അച്ചന്റെ അനുസ്മരണ ബലിയിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും മീറ്റിംങിന് അദ്ധ്യക്ഷനാവുകയും ചെയ്തു.

നവംബർ 21 : അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതയുടെ 'ബെനഫാക്ടേഴ്സ് ഡേ' മീറ്റിംങിനു അദ്ധ്യക്ഷത വഹിച്ചു.

നവംബർ 22 : രൂപതാദിനത്തോടനുബന്ധിച്ച് അയനാവരം പാസ്റ്ററൽ സെന്ററിൽ നടന്ന രൂപതാദിനാഘോഷങ്ങൾക്കും സമർപ്പിതസംഗമ ത്തിനും നേതൃത്വം നൽകി

നവംബർ 25 : നൂത്തഞ്ചേരി കത്തീഡ്രൽ പള്ളിയിൽ ആഘോഷമായ കൃതജ്ഞതാസമൂഹബലിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

നവംബർ 6-29 : തൃശ്ശൂരിൽ മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

## ഇടയന്റെ നാളകൾ

ഡിസംബർ 1-6: വത്സരവക്കം, ലിറ്റിൽ ഫ്ളവർ ചർച്ച് - ഭവനസന്ദർശനം

ഡിസംബർ 09 : ഹൊസൂർ, സി. എസ്. ടി. ഹൗസ് - വി. കുർബാന

ഡിസംബർ 7,13-17: പൊഴിച്ചെല്ലൂർ, സെന്റ് അൽഫോൻസ ചർച്ച് -ഭവന സന്ദർശനം

ഡിസംബർ 16 : അയനാവരം പാസ്റ്ററൽ സെന്റർ, നസ്രത്ത് കപ്പിൾസ് മീറ്റ്

ഡിസംബർ 21 : സെന്റ് ജെയിസ് മൈനർ സെമിനാരി, സാന്തോം.

ഡിസംബർ 23 : അയനാവരം പാസ്റ്ററൽ സെന്റർ - പാസ്റ്ററൽ കൗൺസിൽ
: ഒട്ടേരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച് - ക്ലാസ്

ഡിസംബർ 27 : അയനാവരം, സെന്റ് തോമസ് ചർച്ച് - തിരുപ്പട്ടം